നം. സി.ഇ.ഇ/1805/2009/റ്റി.എ.2

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>പത്രക്കുറിപ്പ്</u>**

# എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള സ്പെഷ്യൽ അലോട്ട്മെന്റ്

**2009-ലെ എൽ.എൽ.എം. കോഴ്സിലേയ്ക്ക്** കോഴിക്കോട് ഗവണ്മെന്റ് ലോ കോളേജിൽ ഒഴിവുള്ള അഞ്ച് സീറ്റിലേയ്ക്കും (ജനറൽ വിഭാഗം - 1, എസ്.സി. - 1, ഈഴവ - 2, മറ്റ് പിന്നോക്ക ഹിന്ദു - 1) എറണാകുളം ലോ കോളേജിൽ ഒഴിവുള്ള ഒരു സീറ്റുകളിലേയ്ക്കും (മറ്റ് പിന്നോക്ക ഹിന്ദു - 1) **01.03.2010 (തിങ്കളാഴ്ച) രാവിലെ 10.30 ന്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ (ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം 695001)** വച്ച് ഒരു സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

2009-ലെ എൽ.എൽ.എം. പ്രവേശന പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിലുള്ളവർക്ക് ഈ സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാം. പ്രസ്തുത വിദ്യാർത്ഥികൾ അവരവരുടെ അഡ്മിറ്റ് കാർഡ്, വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം 01.03.2010 രാവിലെ 10 മണിക്ക് തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്. ഈ അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിന് വ്യക്തിപരമായ മെമ്മോകൾ അയയ്ക്കുന്നതല്ല. സംവരണ വിഭാഗക്കാരുടെ അഭാവത്തിൽ പ്രോസ്പെക്ടസ് പ്രകാരം ഒഴിവുള്ള സീറ്റുകളിലേക്ക് ജനറൽ വിഭാഗക്കാരെ പരിഗണിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **www.cee-kerala.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം
23.02.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**